"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നംREV-P3/10/2022-REV

റവന്യൂ (പി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 07-05-2022

## സർക്കുലർ

വിഷയം:- പ്രളയാനന്തരം സ്വകാര്യ വ്യക്തികളുടെ കൃഷിയിടത്തിലും മറ്റും അടിഞ്ഞു കൂടുന്ന എക്കൽ, ചെളി തുടങ്ങിയവ നീക്കം ചെയ്യുന്നത്- സംബന്ധിച്ച്

സൂചന:- സംസ്ഥാനത്തെ നദികളിലെ മണൽ, എക്കൽ , ചെളി എന്നിവ നീക്കം ചെയ്യുന്ന നടപടികളിലെ പുരോഗതി വിലയിരുത്തുന്നതിന് 14.03.2022 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ് .

സംസ്ഥാനത്തെ നദികളിലെ മണൽ, എക്കൽ , ചെളി എന്നിവ നീക്കം ചെയ്യുന്ന നടപടികളിലെ പുരോഗതി വിലയിരുത്തുന്നതിന് 14.03.2022 തീയതിയിൽ ബഹു.മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും സംസ്ഥാനത്തെ നദികളിൽ നിന്നും നിയമാനുസൃതമായി മണൽ നീക്കം ചെയ്യുന്നതിന് നിലവിൽ റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ സംബന്ധിച്ചും, 2021 - ലെ പ്രളയാനന്തരം ഇറിഗേഷൻ വകുപ്പ് കേരളത്തിലെ 44 നദികളിൽ നിന്നും എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളും വിലയിരുത്തുകയും ചെയ്തു.

മേൽ വിഷയത്തിൽ നിയമാനുസൃതം നദികളിൽ നിന്നുള്ള മണൽ നീക്കത്തിനായി സ്വീകരിക്കുന്ന നടപടികൾക്കു സമാന്തരമായി തന്നെ പ്രളയാനന്തരം നദികളിൽ അടിഞ്ഞു കൂടിയ എക്കലും ചെളിയും പാറയും നീക്കം ചെയ്യുന്നതിന് ദുരന്ത നിവാരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ, അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പ്, ദുരന്ത നിവാരണ വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവരെ ചുമതലപ്പെടുത്തുന്നതിനും ടി യോഗത്തിൽ തീരുമാനിച്ചിരുന്നു.

കൂടാതെ പ്രളയാനന്തരം സ്വകാര്യ വ്യക്തികളുടെ കൃഷിയിടത്തിലും മറ്റും അടിഞ്ഞു കൂടുന്ന എക്കൽ, ചെളി തുടങ്ങിയവ നീക്കം ചെയ്യുന്നതിന്, സ്വകാര്യ വ്യക്തികൾക്ക് അനുമതി നൽകുന്നതിനും, ഇപ്രകാരം നീക്കം ചെയ്യപ്പെടുന്ന എക്കൽ , ചെളി തുടങ്ങിയവക്കു റോയൽറ്റി ഈടാക്കേണ്ടതില്ല എന്നും യോഗത്തിൽ തീരുമാനിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ വ്യക്തികളുടെ കൃഷിയിടത്തിലും മറ്റും അടിഞ്ഞു കൂടുന്ന എക്കൽ, ചെളി തുടങ്ങിയവ റോയൽറ്റി ഈടാക്കാതെ തന്നെ നീക്കം ചെയ്യുന്നതിന് സ്വകാര്യ വ്യക്തികൾക്ക് അനുമതി നൽകാവുന്നതാണ് എന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിലുള്ള നിയമാനുസൃത നടപടികൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ് .

ഉത്തരവിൻ പ്രകാരം

അബ്ദുൾ നാസർ ബി ഐ എ എസ്
അഡിഷണൽ സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്

1 ലാൻഡ് റവന്യൂ കമ്മീഷണർ , തിരുവനന്തപുരം
2 പരിസ്ഥിതി വകുപ്പ്
3 വ്യവസായ വകുപ്പ്
4 തദ്ദേശ സ്വയം ഭരണ വകുപ്പ്
5 ദുരന്ത നിവാരണ വകുപ്പ്
6 ജലവിഭവ വകുപ്പ്
7 ചീഫ് .എഞ്ചിനീയർ , ഇറിഗേഷൻ വകുപ്പ്
8 എല്ലാ ജില്ലാ കളക്ടർമാർക്കും
9 ഐ എൽ ഡി എം ഡയറക്ടർ , തിരുവനന്തപുരം
10.ഡയറക്ടർ , മൈനിങ് ആൻഡ് ജിയോളജി വകുപ്പ്
11 വിവര പൊതുജന സമ്പർക്ക വകുപ്പ് - വെബ് & ന്യൂ മീഡിയ
12 . കരുതൽ ഫയൽ / ഓഫീസ് കോപ്പി

REDMI NOTE 8
AI QUAD CAMERA